LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ

183 (5073) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ സാധ്യത മനസ്സിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിലേക്കായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കണ്ണൂർ വിമാനത്താവളത്തിന് തൊട്ടടുത്ത കുറ്റ്യാട്ടൂർ പഞ്ചായത്തിൽ വ്യവസായത്തിന് മതിയായ സ്ഥലസൗകര്യം അനുവദിച്ചാൽ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) എയർപോർട്ട് പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ EMA Unihorn എന്ന സ്ഥാപനം ടൂറിസം, കാർഷിക വിഭവങ്ങളുടെയും കൈത്തറിയുടെയും കയറ്റുമതി എന്നിവ വർദ്ധിപ്പിക്കാൻ ഉതകുന്ന ഒരു പദ്ധതിയാണിതെന്ന് ശുപാർശ ചെയ്തിരുന്നു.

(ഡി) വ്യവസായങ്ങൾക്ക് അടിസ്ഥാന പശ്ചാത്തലം ഒരുക്കുകയാണ് ഗവൺമെന്റിന്റെ പ്രധാന ചുമതല. അനുയോജ്യമായ സ്ഥലം ലഭ്യമായാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പദ്ധതികൾ ആകർഷിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

വ്യവസായ മേഖലയിലെ തർക്കങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

184 (5074) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയിലെ തർക്കങ്ങളുമായി ബന്ധപ്പെട്ട് 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ എത്ര കേസ്സുകൾ വീതം രേഖപ്പെടുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത കേസ്സുകളിൽ ഇതിനോടകം പരിഹരിക്കപ്പെട്ടവ എത്ര ;

(സി) പ്രസ്തുത കാലയളവിൽ തർക്കങ്ങൾമൂലം എത്ര തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടുവെന്നും തന്മൂലം എത്ര തുകയുടെ സാമ്പത്തിക നഷ്ടം ഉണ്ടായെന്നും വ്യക്തമാക്കുമോ ;

(ഡി) പരിഹരിക്കപ്പെടാതെ നിലനിൽക്കുന്ന കേസ്സുകളുടെ സ്വഭാവം എപ്രകാരമാണ് ; ആയത് പരിഹരിക്കുവാൻ എന്തു നടപടിയാണ് കൈക്കൊണ്ടത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2006- 07 - 2177

2007- 08 - 2375

2008 -09 - 2636

2009- 10 - 2617

ആകെ - 9805

(ബി) 7389 കേസ്സുകൾ പരിഹരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ സ്ട്രൈക്ക്, ലോക്കൗട്ട് എന്നിവമൂലം താഴെ കൊടുത്തിരിക്കുംപ്രകാരം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

വർഷം	സ്ട്രൈക്ക്	ലോക്കൗട്ട്
2006	86977	1811755
2007	86746	1505370
2008	394198	758144
2009	177494	506606
ആകെ	745415	4581875

സാമ്പത്തിക നഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല.

(ഡി) പരിഹരിക്കപ്പെടാതെ നിലിനിൽക്കുന്ന കേസുകൾ തൊഴിൽ നിഷേധം, പിരിച്ചുവിടൽ, സേവന-വേതന വ്യവസ്ഥകൾ എന്നിവ പ്രകാരമുള്ളവയാണ്. തർക്കങ്ങൾ പരിഹരിക്കുന്നതിനായി അനുരഞ്ജന ചർച്ചകൾ നടത്തുകയും പരിഹരിക്കപ്പെടാത്തവ ലേബർ കോടതിയുടെ/ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ തീർപ്പിന് അയച്ചുകൊടുക്കുകയുമാണ് ചെയ്യുന്നത്.

മാഗ്നം ഗ്ലാസ് കമ്പനിയുടെ കേസ്

185 (5075) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമി അലോട്ട് ചെയ്ത്കഴിഞ്ഞാൽ അലോട്ട് ചെയ്തവർക്കുവേണ്ടി നിലകൊള്ളാതെ മുൻ അലോട്ടികൾക്കുവേണ്ടി ചില ഗവണ്മെന്റ് പ്ലീഡർമാർ കോടതിയിൽ നിലകൊള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly